Talented Bankers Literary Panel
പുസ്തക പരിചയം 254

പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

സമാധാനത്തിനു വേണ്ടിയുള്ള യുദ്ധങ്ങൾ
കെ. രഘുനാഥൻ

എന്നും മോഹിപ്പിക്കുന്ന ഭൂപ്രദേശമാണ് സിലോൺ, ആശ്ചര്യചിഹ്നത്തിനു താഴെയുള്ള കുഞ്ഞു കുത്തുപോലെ, ഇന്ത്യയുടെ ഭൂപടത്തിനു താഴെയുള്ള കുഞ്ഞു കുത്ത്. സ്കൂൾ പഠനകാലത്ത്, സഹപാഠി ഗമയിൽ കാണിച്ചിരുന്ന പൂക്കളുടെ പടമുള്ള സ്റ്റാമ്പുകൾ, വലിയ പൂക്കൾ നിറഞ്ഞ മാക്സി എന്ന അത്ഭുതവസ്ത്രം, വർണ്ണക്കുടകൾ...

ഒരുപാട് വർഷങ്ങൾക്കു ശേഷം ഒരു യാത്രയിൽ, ട്രാൻസിറ്റിനായി ഒരുദിവസം അവിടെ തങ്ങാനിടയായി, കേരളത്തിലെ പോലെ വരണ്ട കാലാവസ്ഥയും, മണി എക്സ്ചേഞ്ച് ചെയ്തപ്പോൾ കിട്ടിയ ഇരട്ടിയോളം തുകയും കൗതുകമായി തോന്നി... രാവണന്റെ രാജ്യത്തെ പറ്റിയുള്ള സങ്കല്പം മാറ്റി മറിക്കുന്നതായിരുന്നു ആ അനുഭവം. പിന്നെയും കുറവർഷം കഴിഞ്ഞാണ് സുഹൃത്തുക്കളുടെ കൂട്ടായ്മ സിലോൺ.. അല്ല ശ്രീലങ്കൻ യാത്ര പ്ലാൻ ചെയ്തത്... കൊറോണ ആ പ്ലാൻ തെറ്റിച്ചു, ഇനി ഉടനെയെങ്ങുമാ യാത്ര നടക്കുമെന്നും തോന്നുന്നില്ല. വീണ്ടും ശ്രീലങ്ക വാർത്തകളിൽ നിറയുമ്പോൾ, യാദൃശ്ചികമാവാം, ഒരു നീണ്ട റീഡിങ് ബ്ലോക്കിന് ശേഷം വായിക്കാനെടുത്ത പുസ്തകവും ശ്രീലങ്കയെ കുറിച്ചായത്.

സുജാതക്കു സ്വാതന്ത്ര്യവും സ്വസ്ഥമായകുടുംബജീവിതവും ആയിരുന്നു ആഗ്രഹം, വീട്ടുകാർ കണ്ടെത്തിയ വരൻ സുഭാഷ് ചന്ദ്രൻ ഒരു സൈനികനും. സുജാതയുടെ കുട്ടിക്കാലത്തെങ്ങോ ആണ് അവസാനം യുദ്ധം നടന്നതെന്ന അറിവ്, പ്രളയത്തിൽ, ദുരിതാശ്വാസ പ്രവർത്തനം, നിശാനിയമം പ്രഖ്യാപിച്ച നഗരങ്ങളിൽ ട്രക്കിലൂടെയുള്ള പര്യടനം, റിപബ്ലിക് ഡേക്കും സ്വാതന്ത്ര്യദിനത്തിനും ജനപഥത്തിലൂടെയുള്ള നടത്തം ഇതൊക്കെയാണ് ഒരു സൈനികന്റെ പ്രധാന ജോലി എന്ന ധാരണ, പിന്നെ രാജ്യം മുഴുവൻ കാണാം, ചെല്ലുന്നിടത്തൊക്കെ ക്വാർട്ടേഴ്സ്, യാത്രാസൗജന്യം,
കുട്ടികൾക്ക് പഠനം സൗകര്യം, നല്ല ഭക്ഷണം, പരിഗണകൾ ഒക്കെ കണക്കിലെടുത്തു വീട്ടുകാർ നിശ്ചയിച്ച വിവാഹം.

വിവാഹം കഴിഞ്ഞു 18 ആം ദിവസം, പ്രത്യേക ദൗത്യവുമായി സുഭാഷ് ചന്ദ്രനു ആന്ധ്രയിലേക്ക് പോകേണ്ടി വന്നപ്പോഴാണ്, സുഭാഷ് ചന്ദ്രൻ ഒരു കമാന്റോ ആണെന്ന് സുജാത അറിയുന്നത്. ഒന്നിന് പിറകെ ഒന്നായി പ്രത്യേകദൗത്യങ്ങൾ ഏറ്റെടുത്തു, യൂണിഫോമിൽ സുഭാഷ് ചന്ദ്രൻ മെഡലുകളുടെ എണ്ണം കൂട്ടുമ്പോൾ, സുജാത സ്വന്തം ലോകത്തായി. ഓരോ ദൗത്യവും സുഭാഷ് ചന്ദ്രൻ അങ്ങോട്ടാവശ്യപ്പെട്ടിട്ടാണ് എന്നത്

സുജാതക്കു പുതിയ അറിവായിരുന്നു.

എല്ലാ യുദ്ധഭാര്യമാരെയും പോലെ, അവ ക്ലബിലെ പ്രബോധന ക്ലാസ്സുകളിൽ, അവിടുന്ന് കിട്ടുന്ന പരിഗണകളിൽ മുഴുകി തുടങ്ങിയപ്പോഴാണ്, സുഭാഷ് ചന്ദ്രൻ ചിക്കൻ പോക്സ് പിടിപെട്ടു വീട്ടിലെത്തുന്നത്. കുറച്ചു ദിവസം ഭർത്താവ് വീട്ടിലുണ്ടല്ലോ എന്ന സുജാതയുടെ സന്തോഷം നീണ്ടുനിന്നില്ല, ഏകാന്തമായ ദൈനംദിന ജീവിതം നയിക്കാൻ സുജാതയെ പ്രാപ്തയാക്കാനാണ് ഈ ദിനങ്ങളിൽ സുഭാഷ് ചന്ദ്രൻ ശ്രമിച്ചത്.
രാത്രിയിൽ സുജാത, സുഭാഷ് ചന്ദ്രന്റെ നെഞ്ചിൽ വയ്ക്കുന്ന കൈ എടുത്തുമാറ്റിക്കൊണ്ട് തുടങ്ങിയ പാഠങ്ങൾ, സ്കൂട്ടർ ഓടിക്കൽ, ഗൃഹഭരണം ഒറ്റയ്ക്ക് നടത്താൻ, ആവശ്യമെങ്കിൽ ജോലിക്ക് പോകാൻ അവസരം ഒക്കെ സൃഷ്ടിച്ചു കൊണ്ട് മുന്നേറി. പതിവുപോലെ ഒരുദിവസം രാവിലേ അടുത്ത ദൗത്യവുമായി സുഭാഷ് ചന്ദ്രൻ അപ്രത്യക്ഷനായി, ശ്രീലങ്കയിലേക്ക് പോയ സമാധാന സേനയുടെ ഭാഗമായി.

വീടും കുട്ടികളും ജോലിയും -സുജാതക്കു മനസ്സു നഷ്ടപ്പെടാതിരിക്കാൻ, നേരത്തെ തന്നെ സുഭാഷ് ചന്ദ്രൻ ചെയ്തുവച്ചിരുന്ന സർപ്രൈസുകൾ. വർഷങ്ങൾ കഴിഞ്ഞു ശ്രീലങ്കയിൽ നിന്നും തിരിച്ചു വന്ന സുഭാഷ് ചന്ദ്രൻ ആസ്വസ്ഥനായിരുന്നു, ശ്രീലങ്കയിൽ നടത്തിയ സമാധാനത്തിനു വേണ്ടിയുള്ള യുദ്ധങ്ങൾ ഒരിക്കലും വിജയമായിരുന്നില്ലെന്നുള്ള തിരിച്ചറിവോടെ. വീട്ടിൽ തന്റെ അഭാവം അനുഭവപ്പെടാത്ത മട്ടിൽ സുജാത വീട് നോക്കുന്നത് കണ്ട്, താനൊരു അവിഭാജ്യ ഘടകമല്ല എന്ന തിരിച്ചറിവിൽ, അടുത്ത അതീവ രഹസ്യദൗത്യത്തിനായിരിക്കും, സുഭാഷ് ചന്ദ്രൻ അപ്രത്യക്ഷനായി."ജീവിതത്തെ അഭിമുഖികരിക്കുകയാണ് വേണ്ടത്, അവധി എടുക്കുകയല്ല " എന്ന് സുജാതക്കു സന്ദേശം നൽകിയിട്ട്. മൂന്നാഴ്ച കഴിഞ്ഞു യുദ്ധമേഖലയിൽ ഉപയോഗിക്കുന്ന തരം കടലാസ്സിലെഴുതിയ കത്തും. സ്ഥലമോ, ദൗത്യമോ, കുടുംബത്തെ പോലും അറിയിക്കാനാവാത്ത, കത്തുകൾക്കും ഫോൺ കാളുകൾക്കും എത്തിച്ചേരാനാവാത്ത ഒരു സ്ഥലത്തു, മറ്റാരും ഏറ്റെടുക്കാനില്ലാത്ത ഒരുദൗത്യത്തിലാണെന്നും, സുജാതയുടെ ലോകത്തു തന്നെ താനുണ്ടെന്നു മക്കളെ അറിയിക്കണം എന്നും.

കണ്ടു കൊണ്ടിരിക്കുന്ന റിപ്പബ്ലിക്ഡേ ലൈവ് ടെലികാസ്റ്റിൽ, മരണത്തിന്റെയും യാത്ര പറച്ചിലിന്റെയും ധ്വനിയുള്ള abide with me.. എന്നോടൊപ്പം കാത്തിരിക്കൂ... എന്ന സൈനിക ബാന്റ്കേട്ടപ്പോൾ,14 വർഷമായി സുഭാഷ് ചന്ദ്രനെ കാത്തിരിക്കുന്ന സുജാത ഒരു നിമിഷം വിഭ്രാന്തിയിലായി.. അശോകചക്രം സ്വീകരിക്കാൻവേദിയിലേക്ക് ക്ഷണിക്കപ്പെട്ട , സൈനികന്റെ വിധവയോടൊപ്പം സുജാത സ്വയം അറിയാതെ TV ക്കരുകിലേക്കു നീങ്ങിപോയി... ടീവിക്ക് മുകളിരിക്കുന്ന സുഭാഷ് ചന്ദ്രന്റെ ചിത്രത്തെ ഗൗനിക്കാതെ.

സമാധാനത്തിനു വേണ്ടി എന്ന പേരിൽ യുദ്ധം ചെയ്യുന്ന സേനകളെല്ലാം ശാന്തി സേനകളാകുന്നു. ഓരോ കുടുംബത്തിന്റെ അകത്തളങ്ങളെയും യുദ്ധം കലുഷിതമാകുന്നു. ലോകത്തെ എല്ലാ യുദ്ധഭാര്യമാർക്കും സമർപ്പിച്ച ഈ നോവൽ, സുജാതയിലൂടെ, അവളുടെ മനോവിചാരങ്ങളിലൂടെ, സമാധാനത്തിനു വേണ്ടി മനുഷ്യമനസ്സു നടത്തുന്ന അശാന്ത യാത്രകളെ പങ്കു വയ്ക്കുന്നു..

നോവലിസ്റ്റ് കെ രഘുനാഥൻ, തൃശ്ശൂർ സ്വദേശിയാണ്. മാതൃഭൂമിയിലെ ജീവനക്കാരനായിരുന്നു.ഒരുപാട് നോവലുകളും കഥാസമാഹാരങ്ങളും ധാരാളം അവാർഡുകളും കരസ്തമാക്കിയിട്ടുണ്ട്.

വില Rs 230
ഒരു ലോഗോസ് ബുക്സ്
പ്രസിദ്ധീകരണം